(സി) പ്രസ്തുത കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി&സി) കേട്ടിടത്തിലേയ്ക്ക് ജലം, വൈദ്യുതി എന്നിവ ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനമാണ്. ആയത് ഇതേവരെ ലഭ്യമായിട്ടില്ലാത്തതിനാലാണ് കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്തത്. സ്റ്റാഫിന്റെ കുറവും ഉണ്ട്. ഇതിന് വേണ്ടി ആവശ്യമായ നടപടികൾ തദ്ദേശഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നുണ്ട്.

പാറളം പ്രൈമറി ഹെൽത്ത് സെന്റർ

127 (138) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് നിയോജകമണ്ഡലത്തിലെ പാറളം പഞ്ചായത്തിലുള്ള പ്രൈമറി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനായി ഏതൊക്കെ വിഭാഗത്തിൽ പുതുതായി സ്റ്റാഫിനെ നിയമിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ആശുപത്രി എന്നാണ് സ്ഥാപിച്ചത് ; ഇവിടെ ഇപ്പോൾ എത്ര കിടക്കകൾ ഉണ്ട് ;

(ഡി) ഈ പ്രൈമറി ഹെൽത്ത് സെന്ററിൽ ഒ.പി.യിൽ വരുന്ന രോഗികളുടെ എണ്ണം എത്രയാണ് ;

(ഇ) ഇവിടെ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്റ്റാഫ് നഴ്സിനേയും ഡോക്ടറേയും നിയമിക്കേണ്ടതുണ്ട്.

(സി) 1987 നവംബറിൽ പി.എച്ച്.സി. പാറളം സ്ഥാപിച്ചു. ഇവിടെ ഇപ്പോൾ 10 കിടക്കകൾ ഉണ്ട്.

(ഡി) ശരാശരി 80

(ഇ) പാറളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജി.ഒ. (എം.എസ്) നം.167/96/ ആകു.വ തീയതി 27-3-1996 പ്രകാരം ഒരു സ്റ്റാഫ് നഴ്സ്, ഒരു നഴ്സിംഗ്

LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റ്, ഒരു ഹോസ്പിറ്റൽ അറ്റന്റന്റ് എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഇനിയും അധികം തസ്തികകൾ സൃഷ്ടിക്കുവാൻ നിർവ്വാഹമില്ല.

മാട്ടൂർ ഗവൺമെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

128 (139) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കണ്ണൂർ ജില്ലയിലെ മാട്ടൂർ ഗവൺമെന്റ് ആശുപത്രിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വെളിപ്പെടുത്തുമോ ;

(സി) ഈ ആശുപത്രിയിൽ സ്ഥിരമായി ഡോക്ടറെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സ്ഥിരമായി ഡോക്ടർമാർ ഇല്ലാത്തതിനാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ രണ്ട് ഡോക്ടർമാരുടെ തസ്തികകൾ ഉള്ളതിൽ ഒന്നിൽ കരാർ അടിസ്ഥാനത്തിലും മറ്റേതിൽ പയ്യന്നൂർ ആശുപത്രിയിൽ നിന്നും താൽക്കാലികാടിസ്ഥാനത്തിലും ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നുണ്ട്.

(സി) സ്ഥിരമായി ഡോക്ടറെ നിയമിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ വികസനം

129 (140) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ വികസനത്തിന് എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

(ബി) മെഡിക്കൽ കോളേജുകളിലെയും ജില്ലാ-താലൂക്ക് ആശുപത്രികളിലെയും ഔഷധക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly